ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിശാഖപട്ടണത്ത്, നാവികസേനയുടെ അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കും.

   **President Droupadi Murmu to participate in the International Fleet Review today in Visakhapatnam.**

2. ഇന്ത്യ-ഫ്രാൻസ് ബന്ധം 'സവിശേഷ ആഗോള തന്ത്രപര പങ്കാളിത്തം' ആയി ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi Announces Elevation of India-France Ties to 'Special Global Strategic Partnership."**

3. ന്യൂഡൽഹിയിൽ നടക്കുന്ന **AI** ഇംപാക്ട് ഉച്ചകോടി മൂന്നാം ദിവസത്തിലേക്ക് കടന്നു; ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ ലോക നേതാക്കളുമായി പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും.

   **The AI Impact Summit in New Delhi has entered its third day; Prime Minister will hold bilateral talks with world leaders attending the summit today.**

4. പശ്ചിമ ബംഗാളിൽ വോട്ടർ പട്ടികയിൽ കൃത്രിമം കാണിച്ച നാല് ഉദ്യോഗസ്ഥർക്കെതിരെ തിരഞ്ഞെടുപ്പ് കമ്മീഷൻ്റെ നിർദേശപ്രകാരം കേസെടുത്തു.

   **Following the Election Commission's directive, the West Bengal government has filed FIRs against four officials involved in manipulation in the voter list.**

5. സംസ്ഥാന തദ്ദേശ ദിനാഘോഷം മന്ത്രി എം.ബി രാജേഷ് ഇന്ന് രാവിലെ കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.
   **Minister M.B. Rajesh will inaugurate the State Local Self-Government Day celebrations in Kannur today morning.**
6. ടി-20 ലോകകപ്പിൽ സ്കോട്ട്ലന്റിനെതിരെ നേപ്പാളിന് 7 വിക്കറ്റ് ജയം. ഇന്ന് ഇന്ത്യ നെതർലന്റ്സുമായി ഏറ്റുമുട്ടും.
   **In the T20 World Cup, Nepal defeated Scotland by 7 wickets. India will face the Netherlands Today.**

**&&&&&&&&&&&&&&&&&&**

## PREZ – AP VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത്, നാവികസേനയുടെ കരുത്തും സമുദ്ര ശക്തിയും അവലോകനം ചെയ്യുന്ന അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കും. ഈ മാസം 25 വരെയാണ് വിശാഖപട്ടണത്ത് നാവികസേനയുടെ ഫ്ളീറ്റ് റിവ്യൂ സംഘടിപ്പിക്കുന്നത്. വിവിധ രാജ്യങ്ങളുടെ കപ്പലുകൾ, അന്തർവാഹിനികൾ, വിമാനങ്ങൾ എന്നിവയും പങ്കെടുക്കും.

**&&&&&&&&&&&&&&&&&&**

## MACRON - PM MODI-G7 SUMMIT

ഫ്രാൻസ് അധ്യക്ഷത വഹിക്കുന്ന 52–-ാമത് ജി–7 ഉച്ചകോടിയിലേക്ക് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ക്ഷണിച്ചു. ഇവിയനിൽ നടക്കുന്ന ഉച്ചകോടിക്ക് മുന്നോടിയായി അന്താരാഷ്ട്ര അജണ്ടയിൽ ധാരണയിലെത്താൻ ഇന്ത്യയും ഫ്രാൻസും അഡ്ഹോക്ക് മീറ്റിംഗ് ചേരും.

**&&&&&&&&&&&&&&&&&&**

## INDIA - FRANCE ( INTRO)

ഇന്ത്യ-ഫ്രാൻസ് ബന്ധം 'പ്രത്യേക ആഗോള തന്ത്രപര പങ്കാളിത്തം' ആയി ഉയർത്തുമെന്ന് പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിനിധി തല

ചർച്ചയിൽ ഇന്ത്യയും ഫ്രാൻസും 21 കരാറുകളും രേഖകളും കൈമാറി. ഇന്തോ-യൂറോപ്യൻ സഹകരണത്തിൽ സുപ്രധാന വഴിത്തിരിവാണ് 2026 വർഷമെന്ന്, മുംബൈയിലെ ലോക് ഭവനിൽ ഫ്രഞ്ച് പ്രെസിഡന്റുമായി നടത്തിയ സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു.

വിശദാംശങ്ങളിലേക്ക്...

( വോയിസ്....)

കർണാടകയിലെ വെമഗലിൽ ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് എയർബസുമായി സഹകരിച്ച് സ്ഥാപിച്ച എച്ച്-125 ഹെലികോപ്റ്റർ ഫൈനൽ അസംബ്ലി ലൈൻ ഇരു നേതാക്കളും ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും ഫ്രാൻസിന്റെ സായുധ സേനാ, വെറ്ററൻസ് അഫയേഴ്സ് മന്ത്രി കാതറിൻ വൗട്രിനും സന്നിഹിതരായിരുന്നു. യൂറോപ്പ് മേഖലയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ബന്ധം ശക്തമാക്കുമെന്ന് പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

( വോയിസ്.....)

ഇന്ത്യയുടെ വിശ്വസ്ത സഖ്യകക്ഷിയാകാൻ ഫ്രാൻസ് ആഗ്രഹിക്കുന്നതായി ഫ്രഞ്ച് പ്രസിഡന്റ് പറഞ്ഞു. ഇന്ത്യൻ കരസേനയിലും ഫ്രഞ്ച് കരസേനാ സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥരുടെ പരസ്പരവിന്യാസം, നിർണായക ധാതുക്കളുടെയും ലോഹങ്ങളുടെയും സഹകരണം, ഇന്ത്യ-ഫ്രാൻസ് നൂതനാശയ വർഷത്തിന്റെ സമാരംഭം തുടങ്ങിയവയ്ക്കും ചർച്ചയിൽ ധാരണയായി. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ഇന്ത്യൻ, ഫ്രഞ്ച് പ്രതിനിധി സംഘത്തിലെ അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ന്യൂസ്ഡെസ്ക് ആകാശവാണി....**

**&&&&&&&&&&&&&&&&&&**

## PM MODI – BANGLADESH PM

ബംഗ്ലാദേശ് പ്രധാനമന്ത്രി താരിഖ് റഹ്മാനെയും കുടുംബത്തെയും ഇന്ത്യ സന്ദർശിക്കാൻ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരു രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ ഉഭയകക്ഷി ബന്ധം കൂടുതൽ

ശക്തിപ്പെടുത്തുന്നതിന് ബിഎൻപി നേതാവുമായി ഒരുമിച്ച് പ്രവർത്തിക്കാമെന്ന് റഹ്മാന് അയച്ച കത്തിൽ ശ്രീ മോദി വ്യക്തമാക്കി. 18 മാസത്തെ അനിശ്ചിതത്വത്തിനു ശേഷം, ഇന്നലെയാണ് ബംഗ്ലാദേശിന്റെ പ്രധാനമന്ത്രിയായി താരിഖ് റഹ്മാൻ സത്യപ്രതിജ്ഞ ചെയ്തത്.

&&&&&&&&&&&&&&&&&&

## PM - BILATERALS

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ ലോക നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തും. സ്പെയിൻ , സെർബിയ, എസ്റ്റോണിയ പ്രെസിഡന്റുമാരുമായും, ഫിൻലാൻഡ്, ക്രൊയേഷ്യ, കസാക്കിസ്ഥാൻ, ഭൂട്ടാൻ പ്രധാനമന്ത്രിമാരുമായും വിവിധ വിഷയങ്ങളിൽ പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&&&

## SRI LANKAN PRESIDENT-AI SUMMIT

AI ഇംപാക്റ്റ് ഉച്ചകോടിയുടെ മൂന്നാം ദിവസമായ ഇന്ന്, എസ്റ്റോണിയ പ്രസിഡന്റ് അലർ കരിസ് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കുന്ന ഗവേഷണ സിമ്പോസിയം നടക്കും. ഉച്ചകോടിയിൽ പങ്കെടുക്കാൻ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകേ ഡൽഹിയിലെത്തി.

&&&&&&&&&&&&&&&&&&

## AMIT SHAH-WB

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് പശ്ചിമ ബംഗാൾ സന്ദർശിക്കും. നോദിയായിലെ മായാപൂരിലുള്ള ഇസ്കോൺ ആസ്ഥാനത്ത് ശ്രീല ഭക്തി സിദ്ധാന്ത സരസ്വതി താക്കൂറിന്റെ 152—-ാാം ജന്മവാർഷികാഘോഷത്തിൽ പങ്കെടുക്കും. ജയപതാക സ്വാമി മഹാരാജുമായി കൂടിക്കാഴ്ച നടത്തുന്ന ശ്രീ അമിത് ഷാ, ക്ഷേത്രപരിസരത്ത് സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തെയും അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## WB–SIR

പശ്ചിമ ബംഗാളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ്റെ നിർദ്ദേശത്തെ തുടർന്ന്, നാല് ഉദ്യോഗസ്ഥർക്കെതിരെ സംസ്ഥാന സർക്കാർ എഫ്ഐആർ ഫയൽ ചെയ്തു. വോട്ടർ പട്ടികയിൽ കൃത്രിമം കാണിച്ചതും ഡാറ്റാ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്തതും ചൂണ്ടിക്കാട്ടിയാണ് കേസ്. കഴിഞ്ഞ വർഷം ഓഗസ്റ്റിലും വോട്ടർ പട്ടികയിൽ കൃത്രിമം കാണിച്ചതിന് ഇതേ ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് കമ്മീഷൻ സസ്പെൻഡ് ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## KERALA – SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം തെറ്റുകൾ കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## M B RAJESH

സംസ്ഥാന തദ്ദേശ ദിനാഘോഷം മന്ത്രി എം.ബി രാജേഷ് ഇന്ന് രാവിലെ കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും. എം.വി ഗോവിന്ദൻ എം.എൽ.എ അധ്യക്ഷനാകും. തുടർന്ന് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി 2.0 എന്ന വിഷയത്തിൽ സെമിനാർ നടക്കും.

&&&&&&&&&&&&&&&&&&

## NAVA KERALA SURVEY

നവകേരള സർവേ നടത്തുന്നതിനുള്ള കേരള സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. ചീഫ് ജസ്റ്റിസ് സൌമൻ സെൻ ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ചിൻ്റേതാണ് വിധി. നിയമസഭ തിരഞ്ഞെടുപ്പ്

അടുത്തിരിക്കെ രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് സർവേ നടത്തുന്നതെന്ന് പൊതുതാത്പര്യ ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

&&&&&&&&&&&&&&&&&&

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 22 ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 20 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## GEORGE KURIAN

തിരുവല്ല ഇരവിപേരൂരിൽ പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപകൻ ശ്രീകുമാര ഗുരുദേവന്റെ 148—മത് ജന്മദിന സമ്മേളനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനംചെയ്തു. മാറ്റത്തിനും സമാധാനത്തിനും വേണ്ടി നിലകൊണ്ട ശ്രീകുമാര ഗുരുദേവൻ വെളിച്ചം, വിജ്ഞാനം, വിമോചനം എന്ന പ്രത്യയശാസ്ത്രം മുന്നോട്ടുവച്ചതായി കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## CISF Cyclathon (INTRO) ADN

തീരദേശ സുരക്ഷാ അവബോധം, ദേശീയ ഐക്യം, സമൂഹ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി സിഐഎസ്എഫ് സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോൺ വെള്ളിയാഴ്ച കേരളത്തിലെത്തും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

&&&&&&&&&&&&&&&&&&

## T20 WORLD CUP

ഐ.സി.സി ടി-20 ലോകകപ്പിൽ സ്കോട്ട്ലന്റിനെതിരെ നേപ്പാളിന് 7 വിക്കറ്റ് ജയം. ഇന്ന് രാവിലെ 11ന് ഡൽഹിയിൽ നടക്കുന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക യുഎഇ യുമായി ഏറ്റുമുട്ടും. രണ്ടാം മത്സരത്തിൽ പാക്കിസ്ഥാൻ നമീബിയയുമായും ഇന്ത്യ നെതർലന്റ്സുമായും ഏറ്റുമുട്ടും. രാത്രി 7 മണിക്ക് അഹമദാബാദിലാണ് ഇന്ത്യ- നെതർലന്റ്സ് പോരാട്ടം.

&&&&&&&&&&&&&&&&&&

## ACC WOMENS ASIA CUP

എ.സി.സി വനിതാ ഏഷ്യ കപ്പ് റൈസിംഗ് സ്റ്റാർസ് ടൂർണമെന്റിൽ ഇന്ത്യ സെമിയിൽ കടന്നു. ഗ്രൂപ്പ് എ മത്സരത്തിൽ നേപ്പാളിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശം. ഗ്രൂപ്പ് എ യിൽ നാല് പോയിന്റോടെ ഇന്ത്യ പട്ടികയിൽ ഒന്നാമതാണ്.

&&&&&&&&&&&&&&&&&&

## RAMZAN

കേരളത്തിൽ റംസാൻ വ്രതാരംഭം നാളെ. മാസപ്പിറവി ദൃശ്യമാകാത്തതിനാൽ റംസാൻ ഒന്ന് വ്യാഴാഴ്ച ആയിരിക്കുമെന്ന് വിവിധ ഖാസിമാർ അറിയിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

## RAMADAN - SAUDI ARABIA

ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഇന്ന് റമദാൻ വ്രതാനുഷ്ടാനം ആരംഭിച്ചു. സൗദി അറേബ്യയിലും യുഎഇയിലും ഇന്നലെ മാസപ്പിറവി ദൃശ്യമായി. ഖത്തർ, കുവൈത്ത് എന്നിവിടങ്ങളിലും ഇന്ന് നോമ്പിന്റെ ആദ്യ ദിനമായി പ്രഖ്യാപിച്ചു. അതേസമയം, ഒമാനിൽ നാളെയാണ് റമദാൻ ആരംഭിക്കുക.

&&&&&&&&&&&&&&&&&&

## SAINIK SCHOOL

സൈനിക സ്കൂൾ അപേക്ഷകരെ ലക്ഷ്യം വച്ചുള്ള വ്യാജ സൈറ്റുകൾക്കെതിരെ ജാഗ്രത പാലിക്കാൻ നിർദേശം. കൗൺസിലിംഗ് രജിസ്ട്രേഷൻ സംബന്ധിച്ച് ചില സൈറ്റുകളിൽ നിന്ന് വിദ്യാർത്ഥികൾക്ക് മെയിലുകൾ ലഭിച്ചതായും ഒരു നിശ്ചിത തുക അടയ്ക്കാൻ ആവശ്യപ്പെട്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&